ഉത്തരം

(എ) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു †.

(ബി &സി.) കേരള വ്യവസായ പുനരുദ്ധാരണ ഫണ്ടിൽനിന്നും പുനരുദ്ധാരണത്തിനും ആധുനികവൽക്കരണത്തിനുമായി ധനസഹായം ലഭിച്ച കമ്പനികൾ സർക്കാരുമായി പ്രവർത്തനക്കരാറിൽ ഏർപ്പെടുന്നു. ഈ കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്നതിനും അതിൽ വീഴ്ചവരാതെ നോക്കേണ്ട ബാദ്ധ്യതയും വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രവർത്തന കരാറിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്നുറപ്പുവരുത്തുന്നതിനും; ലഭിച്ച ധനസഹായം ഉദ്ദേശിച്ച തരത്തിൽ വിനിയോഗിക്കുന്നുണ്ടോ എന്നറിയുവാനും കമ്പനികളിൽ പെർഫോമൻസ് ഓഡിററ് നടത്തുന്നതിനായി റിയാസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## സ്വയം വിരമിക്കൽ പദ്ധതിപ്രകാരം പിരിഞ്ഞുപോയ തൊഴിലാളികളുടെ പുനരധിവാസം

11. [1194] ശ്രീ. മാമ്മൻ മത്തായി :

,, ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സ്വയം പിരിഞ്ഞുപോകൽ പദ്ധതി (വി.ആർ.എസ്.) അനുസരിച്ച് സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളാണ് സ്വയം പിരിഞ്ഞുപോയിട്ടുള്ളത് ;

(ബി) ഈ പദ്ധതി അനുസരിച്ച് വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും എത്ര തൊഴിലാളികൾ സ്വയം പിരിഞ്ഞു പോയിട്ടുണ്ട് ;

(സി) വി.ആർ.എസ്. ന്റെ മാനദണ്ഡം എന്തായിരുന്നുവെന്നും ഇതുമൂലം വ്യവസായമേഖലയ്ക്ക് ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ ;

(ഡി) വി. ആർ. എസ്. അനുസരിച്ച് പിരിഞ്ഞുപോയിട്ടുള്ള തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെന്നും അറിയിക്കുമോ ?

ഉത്തരം

(എ &ബി) വി. ആർ. എസ്. നടപ്പിലാക്കിയ പൊതുമേഖലാ സ്ഥാപനങ്ങളെയും ജീവനക്കാരെയും സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു‡.

(സി) വിപണനരംഗത്ത് കമ്പനികൾ നേരിടേണ്ടി വരുന്ന മൽസരത്തെ അതിജീവിക്കാൻ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ

† അനുബന്ധം III

‡ അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഭാഗമായിട്ടാണ് സർക്കാർ വി. ആർ. എസ്. നടപ്പിലാക്കുന്നത്. പ്ലാനിംഗ് ആൻറ് ഇക്കണോമിക്സ് അഫയേഴ്സ് (ബി. പി. ഇ.) ഡിപ്പാർട്ടുമെൻറ് സർക്കുലർ നമ്പർ 6038/ബി.പി.ഇ.1/95/പ്ലാനിംഗ് തീയതി 17-11-1995 പ്രകാരമാണ് വി.ആർ.എസ്. നടപ്പിലാക്കിവരുന്നത്. പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആധുനിക സാങ്കേതിക വിദ്യയനുസരിച്ച് ഉൽപ്പാദനക്ഷമത കൂടിയ മെഷീനറികൾ സ്ഥാപിക്കുമ്പോൾ ജീവനക്കാരുടെ പ്രവർത്തനക്ഷമതകൂടി കണക്കിലെടുക്കേണ്ടി വരുന്നതിനാലാണ് വി.ആർ.എസ്. നടപ്പിൽ വരുത്തുന്നത്. ഇതിനോടൊപ്പം തന്നെ മെഷീനറികളുടെ ആധുനീകവൽക്കരണം, മാനേജ്മെൻറിനെ ശക്തിപ്പെടുത്തൽ, പെർഫോർമൻസ് കോൺട്രാക്റ്റ് തുടങ്ങിയ നടപടികളും പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ നടപ്പാക്കി വരുന്നു.

(ഡി) ഇപ്പോൾ പദ്ധതികൾ ഒന്നും നിലവിലില്ല.

## കശുവണ്ടി വികസന കോർപ്പറേഷൻ

12. [1195] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികൾ സ്വകാര്യ ഉടമകൾക്ക് നൽകാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നുണ്ടായ വിധി, കേസ് നടത്തിയതിൽ സർക്കാർ അഭിഭാഷകൻ കാട്ടിയ അനാസ്ഥ മൂലമാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു ?

### ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

## കശുവണ്ടി വികസന കോർപ്പറേഷൻെറ നഷ്ടം

13. [1196] ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻെറ നാളിതുവരെയുള്ള നഷ്ടം എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) കോർപ്പറേഷൻെറ കഴിഞ്ഞ 5 വർഷത്തെ വരവു-ചെലവ് കണക്കുകളുടെ വിശദമായ സ്റ്റേറ്റ്മെൻറ് വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(സി) കഴിഞ്ഞ അഞ്ച് വർഷക്കാലംകൊണ്ട് കോർപ്പറേഷനുണ്ടായ നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോർപ്പറേഷന് നൽകിയ തുക എത്രയെന്ന് വെളിപ്പെടുത്തുമോ ?



LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം—IV

[29-10-2001-ലെ 11 (1194)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

**Details on VRS Implemented in PSUS under the Industries Department**

| *Sl No.* | *Companies* | *Year* | *No. of Employees* |
|---|---|---|---|
| 1 | Trivandrum Spinning Mills Ltd. | 1994 | 120 |
| 2 | Steel Complex Ltd. | 1994 | 53 |
| 3 | Kerala State Textile Corporation Ltd. (KSTC)* | 1995 | 13 |
| 4 | Kerala State Drugs and Pharmaceuticals Ltd. | 1995-96 | 55 |
| 5 | Kerala Soaps and Oils Ltd. | 1996-97 | 273 |
| 6 | Kerala State Textile Corporation Ltd. | 1996 | 52 |
| 7 | The Chalakkudy Refractories Ltd. | 1996 | 130 |
| 8 | Mannam Sugar Mills Co-operative Ltd. | 1997 | 146 |
| 9 | Travancore Plywood Industries Ltd. | 1997 | 149 |
| 10 | Kerala State Textile Corporation Ltd. | 1997 | 165 |
| 11 | Keltron Power Devices Ltd. | 1998 | 104 |
| 12 | Sitaram Textiles Ltd. | 1998 | 188 |
| 13 | Kerala State Textile Corporation Ltd. | 1998 | 1 |
| 14 | Steel Complex Ltd. | 1998 | 102 |
| 15 | Kerala State Textile Corporation Ltd. | 1999 | 1 |
| 16 | Kerala State Textile Corporation Ltd. | 2000 | 40 |
| 17 | Kerala State Electronic Development Corportion | 2000 | 623 |
| 18 | Kerala State Textile Corporation Ltd. | 2001 | 33 |
| 19 | The Cannannore Co-operative Spinning Mills Ltd. | 2001 | 60 |
| 20 | The Malappuram Co-operative Spinning Mills Ltd. | 2001 | 37 |
| | Total | | 2345 |

*In KSTC, VRS compensation is pending in the case of 68 employees out of 305.

LIBRARY ARCHIVES Kerala Legislative Assembly